ടി.കെ ഉബൈദ്

1204

സൂറ - 43

# അസ്സുഖ്റുഫ്

**സൂക്തം 79-83**

ഇവർ സ്വന്തം മനസ്സിനകത്ത് സൂക്ഷിക്കുന്ന രഹസ്യങ്ങളും, സഖാക്കളുമൊത്തു നടത്തുന്ന ഗൂഢാലോചനകളുമൊന്നും നാം അറിയുന്നില്ലെന്നാണോ ഇവരുടെ വിചാരം? എങ്കിൽ യാഥാർഥ്യം അതല്ല. എല്ലാം നാം അപ്പപ്പോൾ നേരിട്ടറിഞ്ഞുകൊണ്ടിരിക്കുന്നു.

أَمْ أَبْرَمُوٓا۟ أَمْرًا فَإِنَّا مُبْرِمُونَ ﴿٧٩﴾ أَمْ يَحْسَبُونَ أَنَّا لَا نَسْمَعُ سِرَّهُمْ
وَنَجْوَىٰهُم ۚ بَلَىٰ وَرُسُلُنَا لَدَيْهِمْ يَكْتُبُونَ ﴿٨٠﴾

*79*
*അല്ല, അവർ ഒരു കാര്യം തീരുമാനിച്ചുറച്ചുവെന്നോ? എങ്കിൽ നാമും ചിലതു തീരുമാനിച്ചിരിക്കുന്നു.*
*80*
*അതല്ല, അവരുടെ രഹസ്യങ്ങളും സ്വകാര്യ ഭാഷണങ്ങളും നാം കേൾക്കുന്നില്ലെന്നാണോ വിചാരം? എന്നാൽ സത്യം അതല്ല, നാം എല്ലാം കേൾക്കുന്നുണ്ട്. അവർക്കരികിൽ തന്നെ നമ്മുടെ ദൂതന്മാർ എല്ലാം രേഖപ്പെടുത്തുന്നുമുണ്ട്.*

| | |
|---|---|
| അല്ല, അവർ ഒരു കാര്യം തീരുമാനിച്ചുറച്ചുവെന്നോ? | أَمْ أَبْرَمُوا أَمْرًا |
| എങ്കിൽ നാമും (ചിലതു) തീരുമാനിക്കുന്നവനാണ് (തീരുമാനിച്ചിരിക്കുന്നു) | فَإِنَّا مُبْرِمُونَ |
| അവർ വിചാരിക്കുന്നുവോ? (അവരുടെ വിചാരം ആണോ?) | أَمْ يَحْسَبُونَ |
| അവരുടെ രഹസ്യവും(ങ്ങളും) സ്വകാര്യ ഭാഷണവും (ങ്ങളും) നാം കേൾക്കുന്നില്ലെന്ന്? | أَنَّا لَا نَسْمَعُ سِرَّهُمْ وَنَجْوَاهُمْ |
| (എന്നാൽ സത്യം) അതല്ല (നാം എല്ലാം കേൾക്കുന്നുണ്ട്) | بَلَىٰ |
| നമ്മുടെ ദൂതന്മാർ | وَرُسُلُنَا |
| അവർക്കരികിൽ (തന്നെ) | لَدَيْهِمْ |
| എഴുതുന്നു (എല്ലാം രേഖപ്പെടുത്തുന്നുമുണ്ട്) | يَكْتُبُونَ |

കയറും മറ്റും പിരിച്ചു മുറുക്കലാണ് ഭാഷയിൽ ابرام. ഉറച്ച തീരുമാനമെടുക്കുക, വാദം സ്ഥിരീകരിക്കുക തുടങ്ങിയ പ്രയോഗാർഥങ്ങളുമുണ്ട്. ابرام-ൽനിന്നുള്ള ബഹുവചന ക്രിയയാണ് أَبْرَمُوا. കാര്യം -امر- കൊണ്ട് ഇവിടെ ഉദ്ദേശ്യം പ്രവാചകനെ വധിക്കലാണ്. ഈ സൂക്തങ്ങളുടെ അവതരണ സന്ദർഭം ഇമാം ഖതാദഃ ഇങ്ങനെ വിവരിച്ചിരിക്കുന്നു: അബൂജഹ്ലിന്റെ നേതൃത്വത്തിൽ ഖുറൈശി പ്രമാണിമാർ രഹസ്യമായി സമ്മേളിച്ച് പ്രവാചകനെ കൊന്നുകളയാൻ ഉറച്ച തീരുമാനമെടുത്തു. എല്ലാ ഖുറൈശി ഗോത്രങ്ങളിൽനിന്നും ഒരാൾ വീതം ആ കൊലയിൽ പങ്കെടുക്കണമെന്നും തീരുമാനിച്ചു. അന്നത്തെ സമ്പ്രദായമനുസരിച്ച് ഒരാൾ കൊല്ലപ്പെട്ടാൽ അയാളുടെ

കുടുംബം ഘാതകനോട് -അയാളുടെ ഗോത്രത്തോട്- പ്രതികാരം ചെയ്യുക അനിഷേധ്യമായ അവകാശമായിരുന്നു. പ്രതികാരം ചെയ്യാതിരിക്കുക അപമാനകരവും മഹാ ഭീരുത്വവുമായി പരിഗണിക്കപ്പെട്ടു. പ്രവാചകന്റെ ഘാതകനോട് ഹാശിം കുടുംബം പ്രതികാരത്തിനിറങ്ങാതിരിക്കാൻ അബൂജഹ്ൽ കണ്ടെത്തിയ തന്ത്രമായിരുന്നു, എല്ലാ ഗോത്രങ്ങളിൽനിന്നും ഒരംഗം വീതം വധത്തിൽ പങ്കെടുക്കുക എന്നത്. എല്ലാ ഗോത്രങ്ങളോടും ഒറ്റക്ക് യുദ്ധം ചെയ്യാൻ ഹാശിം കുടുംബത്തിനു കഴിയില്ലല്ലോ. അതുകൊണ്ട് അവർ പ്രതികാരത്തിനിറങ്ങാതെ അടങ്ങിക്കൊള്ളും. ഈ തീരുമാനം നടപ്പാക്കാൻ എല്ലാ ഗോത്രങ്ങളും പ്രതിജ്ഞ ചെയ്തു. ഇതെപ്പറ്റിയാണ് പ്രകൃത സൂക്തങ്ങൾ അവതരിച്ചത്. ابرم -യിൽ നിന്നുള്ള കർതൃ ബഹുവചനമാണ് مُبْرِمُون. അവരുടെ തീരുമാനം പൊളിക്കാൻ അല്ലാഹുവും ഉറച്ച തീരുമാനമെടുത്തിരിക്കുന്നു എന്നാണ് فَإِنَّا مُبْرِمُون ന്റെ താൽപര്യം. ഖുറൈശി നേതാക്കൾ മനസ്സിൽ ഒളിച്ചുവെച്ചിട്ടുള്ള പരിപാടികളും ലക്ഷ്യങ്ങളുമാണ് അവരുടെ രഹസ്യം- سرّ. എല്ലാവരുടെയും രഹസ്യ വിചാരങ്ങൾ ഒന്നായിരിക്കണമെന്നില്ല. രഹസ്യ സംഭാഷണമാണ് نجوى. ഖുറൈശി നേതാക്കൾ രഹസ്യ യോഗത്തിൽ നടത്തിയ ഗൂഢാലോചനകളും ഭാഷണങ്ങളുമാണ് ഇവിടെ ഉദ്ദേശ്യം.

വചനസാരം: അല്ല, ഇക്കൂട്ടർ മുഹമ്മദ് നബിയെ കൊന്നുകളയാൻ തീരുമാനിച്ചുറച്ചുവെന്നോ? എന്നാൽ, ആ തീരുമാനം നടപ്പാക്കാൻ അവർക്ക് കഴിയരുതെന്ന് നാമും -അല്ലാഹു- ഉറച്ച തീരുമാനമെടുത്തിരിക്കുന്നു. മാത്രമല്ല, ഏറെ വൈകാതെ അവരെ തിരിച്ചടിക്കാനും അവൻ തീരുമാനിച്ചിരിക്കുന്നു. ആ തീരുമാനമാണ് ബദ്ർ സംഘട്ടനത്തിലൂടെ യാഥാർഥ്യമായത്. അതല്ല, ഇവർ സ്വന്തം മനസ്സിനകത്ത് സൂക്ഷിക്കുന്ന രഹസ്യങ്ങളും, സഖാക്കളുമൊത്തു നടത്തുന്ന ഗൂഢാലോചനകളുമൊന്നും നാം അറിയുന്നില്ലെന്നാണോ ഇവരുടെ വിചാരം? എങ്കിൽ യാഥാർഥ്യം അതല്ല. എല്ലാം നാം അപ്പപ്പോൾ നേരിട്ടറിഞ്ഞുകൊണ്ടിരിക്കുന്നു. അതിനു പുറമെ, നമ്മുടെ ദൂതന്മാരായ മലക്കുകൾ അവരുടെ ചാരത്ത് വസിച്ചുകൊണ്ട് ഒന്നും ഒഴിഞ്ഞുപോകാതെ എല്ലാം കൃത്യമായി രേഖപ്പെടുത്തുന്നുമുണ്ട്. അതായത്, അവരുടെ അന്തരാള രഹസ്യങ്ങളും ഗൂഢാലോചനകളും അതിന്റെ പരിണതിയും അല്ലാഹു കൃത്യമായി അറിഞ്ഞുകൊണ്ടിരിക്കുന്നു. അവരോ അവന്റെ പദ്ധതികളും അതിന്റെ പരിണതികളും ഒട്ടും അറിയുന്നില്ല താനും. ●

**ദൈവത്തിന് പുത്രനുണ്ടാവുക അസംഭവ്യമാണ്. അയുക്തികവുമാണ്. അനാദിയായ സ്വയംഭൂവാണ് യഥാർഥ ദൈവം. അവൻ ഇല്ലായ്മയിൽനിന്ന് ഉണ്ടായതല്ല. അതുകൊണ്ടു തന്നെ ആരാലും ഉണ്ടാക്കപ്പെട്ടവനുമല്ല.**

قُلْ إِن كَانَ لِلرَّحْمَٰنِ وَلَدٌ فَأَنَا۠ أَوَّلُ ٱلْعَٰبِدِينَ ﴿٨١﴾

سُبْحَٰنَ رَبِّ ٱلسَّمَٰوَٰتِ وَٱلْأَرْضِ رَبِّ ٱلْعَرْشِ عَمَّا يَصِفُونَ ﴿٨٢﴾

*81*

*പ്രവാചകൻ അവരോടു പറയുക: കരുണാമയനായ അല്ലാഹുവിന് ഒരു പുത്രനുണ്ടായെങ്കിൽ ആ ദൈവ പുത്രനെ ആരാധിക്കുന്നവരിൽ പ്രഥമൻ ഞാനാകുമായിരുന്നു.*

*82*

*പ്രപഞ്ച സിംഹാസനത്തിനുടയവനായ, ആകാശ ഭൂമികളുടെ വിധാതാവ് ഇക്കൂട്ടർ ജൽപിക്കുന്ന ഗുണങ്ങൾക്കൊക്കെയും അതീതനായ പരമ പരിശുദ്ധനാകുന്നു.*

| | |
|---|---|
| നീ (പ്രവാചകൻ അവരോടു) പറയുക | قُلْ |
| കരുണാമയന്ന് (യനായ അല്ലാഹുവിന്) ഒരു പുത്രനുണ്ടായെങ്കിൽ | إِن كَانَ لِلرَّحْمَٰنِ وَلَدٌ |
| ആ ദൈവ പുത്രനെ ആരാധിക്കുന്നവരിൽ പ്രഥമൻ ഞാനാകുമായിരുന്നു | فَأَنَا أَوَّلُ الْعَابِدِينَ |
| അതീതനായ പരമ പരിശുദ്ധനത്രെ | سُبْحَانَ |
| ആകാശ ഭൂമികളുടെ വിധാതാവ് | رَبِّ السَّمَاوَاتِ وَالْأَرْضِ |
| (പ്രപഞ്ച) സിംഹാസനത്തിനുടയവനായ | رَبِّ الْعَرْشِ |
| അവർ വിശേഷിപ്പിക്കുന്നതിൽനിന്ന് (ഇക്കൂട്ടർ ജൽപിക്കുന്ന ഗുണങ്ങൾക്കൊക്കെയും) | عَمَّا يَصِفُونَ |

ഈ സൂറയിൽ നേരത്തെ, ജാഹിലീ അറബികൾ മലക്കുകളെ ദൈവത്തിന്റെ പെൺമക്കളെന്നും അംശങ്ങളെന്നും ആരോപിക്കുന്നതിനെക്കുറിച്ചും പിന്നീട് ഈസാ നബിയെ ക്രൈസ്തവർ ദൈവപുത്രനാക്കി ആരാധിക്കുന്നതിനെക്കുറിച്ചും പറയുകയുണ്ടായി. യഹൂദർ ഉസൈറിനെയും ദൈവപുത്രനായി കരുതിയിരുന്നു. ഈ പശ്ചാത്തലത്തിൽ, സൂറ സമാപിക്കുന്നതിനു മുമ്പ് ദൈവപുത്ര സങ്കൽപത്തിന്റെ നിരർഥകത വിശദീകരിച്ചുകൊടുക്കാൻ പ്രവാചകനോട് കൽപിക്കുകയാണ്. ഈ സൂക്തങ്ങൾക്ക് സാമാന്യവും ദാർശനികവുമായ അർഥ തലങ്ങളുണ്ട്.

കരുണാമയനായ അല്ലാഹുവിന് സന്തതിയുണ്ടാവാമെന്നും, ഉണ്ടെങ്കിൽ താനാ സന്തതിയെ ആരാധിക്കാൻ സർവാത്മനാ സന്നദ്ധനാണെന്നും അല്ല ആദ്യ സൂക്തത്തിന്റെ താൽപര്യം. ഈ സൂക്തം അവതരിച്ചപ്പോൾ ചില ഖുറൈശികൾ അതിന് അങ്ങനെ അർഥം കൽപിക്കുകയും മുഹമ്മദ് നമ്മുടെ ദൈവങ്ങളെ ആരാധിക്കാൻ സന്നദ്ധനായിരിക്കുന്നു എന്നു പ്രചരിപ്പിക്കാൻ ശ്രമിക്കുകയുമുണ്ടായി. അവരിൽ തന്നെ ചിലർ ആ പ്രചാരണത്തെ നിഷേധിക്കുകയും ചെയ്തു. ഇമാം സമഖ്ശരി തന്റെ *കശ്ശാഫിൽ* ഉദ്ധരിക്കുന്നു: മലക്കുകൾ അല്ലാഹുവിന്റെ പെൺമക്കളാണെന്നു വാദിച്ചിരുന്ന നദ്റുബ്നു അബ്ദില്ലാ ഈ സൂക്തമവതരിച്ചപ്പോൾ പറഞ്ഞു: നോക്കൂ, അയാൾ എന്റെ വാദം സത്യപ്പെടുത്തിയല്ലോ. വലീദുബ്നു മുഗീറഃ നദ്റിനെ ഖണ്ഡിച്ചു. അയാൾ നിങ്ങളെ സത്യപ്പെടുത്തിയിരിക്കുകയല്ല. പ്രത്യുത, കരുണാമയനായ അല്ലാഹുവിനു പുത്രനുണ്ടാവില്ല. ആകയാൽ മക്കാ വാസികളിലെ ഒന്നാമത്തെ ഏകദൈവ വിശ്വാസി -أول الموحّدين- യാകുന്നു ഞാൻ എന്നാണയാൾ പറഞ്ഞത്.

സൂക്തത്തിന്റെ സാമാന്യമായ ആശയം ഇതാണ്: ദൈവത്തിന്റെ മക്കളോട് വല്ല വിരോധവുമുള്ളതുകൊണ്ടല്ല ഞാൻ 'ദൈവമക്കളെ' നിഷേധിക്കുന്നതും ആരാധിക്കാൻ വിസമ്മതിക്കുന്നതും; ദൈവത്തിനു മക്കളില്ല, ഉണ്ടാവുകയുമില്ല എന്നതുകൊണ്ടാണ്. ദൈവത്തിന് സന്തതികളുണ്ടാകുമെങ്കിൽ, ദൈവസന്തതികളെ ആദ്യം അംഗീകരിക്കുകയും ആരാധിക്കുകയും ചെയ്യുന്നത് ഞാനാകുമായിരുന്നു. ദൈവത്തോടുള്ള ഭയഭക്തിയിലേക്കും അവന്റെ ധർമശാസനകളോടുള്ള നിഷ്കളങ്കമായ അനുസരണത്തിലേക്കും നിങ്ങളെ ക്ഷണിച്ചുകൊണ്ടിരിക്കുന്ന എനിക്കെങ്ങനെ അവന്റെ മക്കളെ നിഷേധിക്കാനും നിന്ദിക്കാനുമാവും?! എന്നാൽ, ആകാശ ഭൂമികളുടെ വിധാതാവും പ്രപഞ്ച സിംഹാസനത്തിനുടയവനുമായ സാക്ഷാൽ ദൈവം, ജനം അവനിൽ ആരോപിക്കുന്ന സൃഷ്ടിഗുണങ്ങൾക്കെല്ലാം അതീതനും പരമ പരിശുദ്ധനുമാകുന്നു.

ദാർശനികവും നൈയാമികവുമായ മാനം ഇതാണ്: അല്ലാഹുവിന് പുത്രനുണ്ടെന്ന് സാധുവായ സാക്ഷ്യങ്ങളിലൂടെയും ദൃഷ്ടാന്തങ്ങളിലൂടെയും സ്ഥിരപ്പെടുകയാണെങ്കിൽ ആ പുത്രനെ ആദ്യം അംഗീകരിക്കേണ്ടതും ആരാധിക്കേണ്ടതും എന്റെ ബാധ്യതയാകുന്നു. ദൈവത്തിന്റെ പുത്രനും ദൈവം തന്നെയായിരിക്കുമല്ലോ. ദൈവത്തിനുള്ള കഴിവുകളും അധികാരങ്ങളും പുത്രനുമുണ്ടായിരിക്കും. ഒരുവേള പിതാവായ ദൈവത്തിന്റെ സാന്നിധ്യത്തിൽ പുത്രദൈവത്തിന് അത്രതന്നെ പ്രാധാന്യം ഇല്ലെങ്കിൽ പോലും രാജഭക്തന്മാർ രാജാവിനെ വന്ദിക്കുന്നതുപോലെ യുവ രാജാവിനെയും വന്ദിക്കണമല്ലോ. അതുപോലെ ദൈവഭക്തന്മാർ ദൈവത്തെ ആരാധിക്കുന്നതുപോലെ ദൈവപുത്രനെയും ആരാധിക്കണം. പക്ഷേ, ദൈവത്തിന് പുത്രനുണ്ടാവുക അസംഭവ്യമാണ്. അയുക്തികവുമാണ്. അനാദിയായ സ്വയം ഭൂവാണ് യഥാർഥ ദൈവം. അവൻ ഇല്ലായ്മയിൽനിന്ന് ഉണ്ടായതല്ല. അതുകൊണ്ടു തന്നെ ആരാലും ഉണ്ടാക്കപ്പെട്ടവനുമല്ല. അനന്തനുമാണവൻ. നാശത്തിനതീതൻ. തന്നിൽ തന്നെ എല്ലാം തികഞ്ഞവനുമാണ് യഥാർഥ ദൈവം. അവന്റെ നിലനിൽപിന് ആരെയും ആശ്രയിക്കേണ്ടതില്ല. അവന്റെ അറിവും ശക്തിയും അധികാരവും ആനന്ദവുമെല്ലാം സമ്പൂർണമാണ്. ഇങ്ങനെയുള്ള ഒരസ്തിത്വത്തിന് പുത്രകളത്രങ്ങളോ സഹായികളോ പങ്കാളികളോ ഉണ്ട് എന്നു പറയുന്നത് ആ അസ്തിത്വത്തെ തന്നെ നിഷേധിക്കലാകുന്നു. ദൈവത്തിന്റെ അനിവാര്യ ഗുണമാണ് അനാദിയും സ്വയംഭൂവും ആയിരിക്കൽ. അനാദി, സ്വയംഭൂ എന്നീ ഗുണങ്ങൾ പുത്രത്വത്തിനു വിരുദ്ധമാണ്. സ്വയംഭൂ ഒന്നിന്റെയും പുത്രനാവില്ല. അനാദിയും അപ്രകാരം തന്നെ. പിതാവിനു ശേഷമാണല്ലോ പുത്രജന്മം. എന്നുവെച്ചാൽ, പുത്രൻ ഇല്ലാത്ത കാലമുണ്ടായിരുന്നു. ഇല്ലായ്മക്കു ശേഷം ഉണ്ടായത്

**ദൈവത്തിന്റെ അനിവാര്യ ഗുണമാണ് അനാദിയും സ്വയംഭൂവും ആയിരിക്കൽ. അനാദി, സ്വയം ഭൂ എന്നീ ഗുണങ്ങൾ പുത്രത്വത്തിനു വിരുദ്ധമാണ്.**

ദൈവമാകുന്നില്ല.

പുത്രകളത്രങ്ങളും പങ്കാളികളും ആദ്യന്തങ്ങളുള്ള ഉണ്മകളുടെ സ്വഭാവമാണ്. നിലനിൽപ് സുഭദ്രമാക്കാനും നാശശേഷം വംശം തുടരാനും അതാവശ്യമാകുന്നു. സൃഷ്ടികൾക്കുള്ള കുറവുകൾ പരിഹരിക്കാനും പരിമിതികൾ മറികടക്കാനുമുള്ള ഉപാധികളാണവ. തന്നിൽതന്നെ സർവവും തികഞ്ഞവനും പരിമിതികൾക്കതീതനുമായ അല്ലാഹുവിന് അത്തരം ഉപാധികളുടെ ആവശ്യമില്ല. അവൻ അത്തരം ഉപാധികളെ ആശ്രയിക്കുന്നു എന്നു പറയുന്നത് അവന്റെ മഹത്വത്തെയും കഴിവിനെയും ഇകഴ്ത്തലും നിന്ദിക്കലുമാകുന്നു. അതാണ് (39:4)ൽ അല്ലാഹു പറഞ്ഞത്: **لَّوْ أَرَادَ اللَّهُ أَن يَتَّخِذَ وَلَدًا لَّاصْطَفَىٰ مِمَّا يَخْلُقُ مَا يَشَاءُ سُبْحَانَهُ هُوَ اللَّهُ الْوَاحِدُ الْقَهَّارُ** (അല്ലാഹു ഒരു പുത്രൻ വേണമെന്നാഗ്രഹിച്ചുവെങ്കിൽ അവന്റെ സൃഷ്ടികളിൽനിന്ന് ഇഷ്ടമുള്ളതിനെ തെരഞ്ഞെടുക്കുമായിരുന്നു. പക്ഷേ, അത്തരം ആവശ്യങ്ങൾക്കെല്ലാം അതീതനായ പരമപരിശുദ്ധനാണവൻ. സകലത്തെയും അടക്കി ഭരിക്കുന്ന ഏകനായ സാക്ഷാൽ ദൈവമത്രെ അവൻ).

മുജാഹിദിനെപ്പോലുള്ള ചില പൂർവ പണ്ഡിതന്മാർ ഈ സൂക്തത്തിലെ 'إن' നെ നിഷേധാർഥത്തിലെടുത്തിട്ടുണ്ട്. അതനുസരിച്ച് സൂക്തത്തിന്റെ അർഥം, 'കരുണാമയനായ അല്ലാഹുവിന് പുത്രനുണ്ടായിട്ടില്ല, ആകയാൽ അവനെ മാത്രം ആരാധിക്കുന്നവരിൽ പ്രഥമനാണ് ഞാൻ' എന്നാകുന്നു. തൊട്ടടുത്ത سُبْحَانَ رَبِّ .... എന്ന സൂക്തത്തിന്റെ സാരവുമായി കൂടുതൽ യോജിക്കുന്നത് ഈ അർഥ കൽപനയാണെന്നും അവരഭിപ്രായപ്പെട്ടിരിക്കുന്നു. കൂടുതൽ വ്യാഖ്യാതാക്കൾ സ്വീകരിച്ചിട്ടുള്ളത് ആദ്യം പറഞ്ഞ അർഥമാണ്. ഏതർഥം സ്വീകരിച്ചാലും സൂക്തത്തിന്റെ സാരാംശം ഒന്നു തന്നെയാണ്. ●

فَذَرْهُمْ يَخُوضُوا۟ وَيَلْعَبُوا۟ حَتَّىٰ يُلَـٰقُوا۟ يَوْمَهُمُ ٱلَّذِى يُوعَدُونَ ﴿٨٣﴾

*83*

*അവരെ വിട്ടേക്കുക. അവർ ആ നിരർഥ ജൽപനങ്ങളിലാണ്ട് വിനോദിച്ചു കൊള്ളട്ടെ; താക്കീതു ചെയ്യപ്പെട്ട ദിനത്തെ അഭിമുഖീകരിക്കുന്നതു വരെ.*

| | |
|---|---|
| അവരെ വിട്ടേക്കുക | فَذَرْهُمْ |
| അവർ ഏർപ്പെടുകയും കളിക്കുകയും ചെയ്യാൻ (ആ നിരർഥ ജൽപനങ്ങളിലാണ്ട് വിനോദിച്ചു കൊള്ളട്ടെ) | يَخُوضُوا وَيَلْعَبُوا |
| അവരുടെ ദിനത്തെ അഭിമുഖീകരിക്കുന്നതു വരെ | حَتَّىٰ يُلَاقُوا يَوْمَهُمُ |
| അവർ താക്കീത്, വാഗ്ദത്തം ചെയ്യപ്പെട്ടതായ | الَّذِي يُوعَدُونَ |

അല്ലാഹുവിന് ആൺമക്കളെയും പെൺമക്കളെയും പങ്കാളികളെയും സ്ഥാപിക്കുന്നതിനു വേണ്ടി അടിസ്ഥാന രഹിതമായ വാചാടോപങ്ങൾ നടത്തിക്കൊണ്ടിരുന്ന ഖുറൈശി തലവന്മാരോടും പുരോഹിതന്മാരോടുമുള്ള അസന്ദിഗ്ധവും നിർണായകവുമായ പ്രഖ്യാപനമായിരുന്നു മുൻ സൂക്തം. അതിനുശേഷം പ്രവാചകനോട് കൽപിക്കുകയാണ്: ഈ പ്രഖ്യാപനവും തങ്ങളുടെ നിലപാട് പുനരാലോചനക്ക് വിധേയമാക്കാൻ പ്രേരിപ്പിക്കുന്നില്ലെങ്കിൽ അവരെ ആ നിരർഥകമായ വിടുവായത്തങ്ങളിലും വിനോദങ്ങളിലും തന്നെ ആണ്ടുപോകാൻ വിട്ടേക്കുക.

അവർ താക്കീതു ചെയ്യപ്പെട്ടിട്ടുള്ള വിചാരണാദിനം വന്നെത്തുന്നതുവരെ അവരത്തരം വാചാടോപങ്ങളിൽ വിഹരിച്ചുകൊള്ളട്ടെ. തങ്ങൾ ദൈവമക്കളായി പൂജിച്ചിരുന്നവരാരും ദൈവത്തിന്റെ മക്കളല്ലെന്നും അവരെക്കൊണ്ടൊന്നും തങ്ങൾക്ക് ഒരു പ്രയോജനവുമില്ലെന്നും അന്നവർക്കു ബോധ്യമാകും. ●

**പിതാവിനു ശേഷമാണല്ലോ പുത്രജന്മം. എന്നുവെച്ചാൽ, പുത്രൻ ഇല്ലാത്ത കാലമുണ്ടായിരുന്നു. ഇല്ലായ്മക്കു ശേഷം ഉണ്ടായത് ദൈവമാകുന്നില്ല.**